**മേലെഴുത്ത് നമ്പർ: DTETVM/4162/2025-EA2 (EA) തീയതി: 13-05-2025**

---

സൂചന: സർക്കാരിൽ നിന്നുള്ള സർക്കുലർ നമ്പർ: 40/2025/ധന തീയതി: 28.04.2025.

സൂചനയിലെ സർക്കാർ സർക്കുലർ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവിമാരുടെയും അറിവിലേക്കും ആവശ്യമായ തുടർനടപടികളിലേക്കുമായി നൽകുന്നു.

**SHALIJ P R**

**DIRECTOR**

പകർപ്പ്,

അക്കൗണ്ട്സ് സെക്ഷൻ DTE

Signed by
Shalij P R
Date: 13-05-2025 16:58:32

**"ഭരണഭാഷ- മാതൃഭാഷ"**

# കേരള സർക്കാർ

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

നം.40/2025/ധന തീയതി: 28-04-2025

## സർക്കുലർ

വിഷയം:- വയനാട് ഉരുൾപൊട്ടൽ ദുരന്തം – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം നൽകുന്നത് - തുടർ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്:-

സൂചന:- 1. സ.ഉ(അ) നം.70/2024 തീയതി 16.08.2024 ഉത്തരവ്.

2. സ.ഉ(അ) നം.83/2024 തീയതി 24.09.2024 ഉത്തരവ്.

---

വയനാട് ഉരുൾ പൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സൂചന ഉത്തരവുകൾ പ്രകാരം നിരവധി ജീവനക്കാർ ശമ്പളം, പിഎഫ്, ആർജിത അവധി സറണ്ടർ തുടങ്ങിയവയിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും പിഎഫ്, ആർജിത അവധി സറണ്ടർ തുടങ്ങിയവ പ്രോസസ്സ് ചെയ്യുന്നതിന് ജീവനക്കാരന്റെ അപേക്ഷയും ക്ലെയിമുകൾ പ്രോസസ്സ് ചെയ്യുന്നതിന് അനുമതിയും ആവശ്യമാണ്. എന്നാൽ ജീവനക്കാരൻ തന്നെ ഡി.ഡി.ഒ. ആയ കേസുകൾ ഉൾപ്പെടെ നിരവധി കേസുകളിൽ ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഇതുവരെ സമർപ്പിക്കാത്തതായി കാണുന്നു. ഈ സാഹചര്യത്തിൽ അവരുടെ ക്ലെയിമുകൾ പ്രോസസ്സ് ചെയ്യുവാൻ സാധിക്കാത്തതിനാൽ വാഗ്ദാനം ചെയ്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി എല്ലാ ഡി.ഡി.ഒ മാരും പാലിക്കേണ്ടതാണ്.

1) വയനാട് ഉരുൾ പൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സ.ഉ.(അ) നം.70/2024 ഉത്തരവ് പ്രകാരം ജീവനക്കാരൻ പിഎഫിൽ നിന്ന് കിഴിവ് ചെയ്യുവാനും ആർജിത അവധി സറണ്ടർ ചെയ്യുവാനും *നൽകിയിട്ടുള്ള സന്നദ്ധത (സൂചന ഒന്നിലെ ഉത്തരവിൻ പ്രകാരമുള്ള സമ്മത പത്രം)* അത്തരം ക്ലെയിമുകൾക്കുള്ള അപേക്ഷയായി കണക്കാക്കേണ്ടതും അതാത് ഡി.ഡി.ഒ. മാർ 31.05.2025

തീയതിക്ക് മുൻപായി ക്ലെയിമുകൾ അനുവദിക്കേണ്ടതും ബില്ലുകൾ ജനറേറ്റ് ചെയ്യേണ്ടതുമാണ്. ഇതിനായി ജീവനക്കാരന്റെ പ്രത്യേക അപേക്ഷക്കായി കാത്തിരിക്കേണ്ടതില്ല.

2) ഈ സാമ്പത്തിക വർഷത്തിൽ, 2024-25 ലെ അത്തരം സറണ്ടർ ക്ലെയിമുകൾ, CMDRF സംഭാവന നൽകുന്നതിന് മാത്രമായി അംഗീകരിക്കുന്നതിനുള്ള ഒരു പ്രത്യേക ഇളവ് സർക്കാർ അനുവദിക്കുന്നു. ആയത് അനുമതി ഉത്തരവിൽ പ്രത്യേകമായി സൂചിപ്പിക്കേണ്ടതും, അത്തരം അപേക്ഷകൾ അനുവദിക്കുന്നതിനും, ബില്ല് തയ്യാറാക്കുന്നതിനുമുള്ള സംവിധാനം സ്പാർക്കിൽ ഉണ്ടായിരിക്കുന്നതുമാണ്.

3) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ സന്നദ്ധത അറിയിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാത്ത ഡി.ഡി.ഒ. മാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കാത്ത പക്ഷം അത്തരം ഡി ഡി ഒ മാരുടെ 05/2025-ലെ ശമ്പള ബില്ല് സ്പാർക്കിൽ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ട് നേരിടാനിടയുണ്ട്.

4) സാധുവായ കാരണങ്ങളില്ലാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്ന പ്രക്രിയ വൈകിപ്പിക്കാൻ ജീവനക്കാർ ഓപ്ഷൻ മാറ്റം അഭ്യർത്ഥിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 08/2024 ലെ ശമ്പളം പ്രോസസ്സ് ചെയ്യുന്നതിന് മുമ്പ് അത്തരം മാറ്റങ്ങൾ വരുത്തണമെന്നും അതിനുശേഷം സ്പാർക്ക് സിസ്റ്റത്തിലെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇത് സാധ്യമല്ലെന്നും സൂചന ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും, അത്തരം സാഹചര്യങ്ങളിൽ, വാഗ്ദാനം ചെയ്ത തുക ഇതിനായുള്ള CMDRF-ന്റെ TSB (799011400007880) അക്കൗണ്ടിൽ അടച്ച ശേഷം ആയതിന്റെ ഒറിജിനൽ ചലാൻ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ഹാജരാക്കിയാൽ, ടി തുക അടച്ചതിന്റെ വിശദാംശങ്ങളുടെ പരിശോധനയ്ക്ക് ശേഷം ഓപ്ഷൻ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എ. ജയതിലക് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്-I, II) കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം

സെക്രട്ടറിയേറ്റ്, എല്ലാ ഭരണ വകുപ്പുകൾ (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ് മേധാവികൾക്കും (ഭരണ വകുപ്പ് മുഖേന)

നോഡൽ ഓഫീസർ, www.finance.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-2995289 ഫയൽ നം.ഫണ്ട്സ്-2/44/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ